പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2388 — 13.02.2013 ൽ മറുപടിയ്ക്ക്

**അങ്കമാലി നിയോജകമണ്ഡലത്തിലെ തോടുകളിലെ മാലിന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | | | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ കൂടി കടന്നു പോകുന്നതും പെരിയാറിൽ അവസാനിക്കുന്നതുമായ മാഞ്ഞാലിത്തോടും കൈവഴിത്തോടും മലിനീകരിക്കപ്പെടുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ കൂടി ഒഴുകുന്ന മാഞ്ഞാലിത്തോടും നായത്തോടും കൈവഴികളും മലിനപ്പെടുന്നതു തടയാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ബി) | താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:<br>1. തോടിന്റെ കൈവഴികളുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന പള്ളിക്കൽ അഗ്രോ മിൽസ്, പള്ളിക്കൽ അഗ്രോടെക്, കാവേരി മോഡേൺ റൈസ് മിൽ, കെ.എ.പി. മോഡേൺ റൈസ് മിൽ, ചക്കിയത്ത് മോഡേൺ റൈസ് മിൽ, ചിറക്കൽ മോഡേൺ റൈസ് മിൽ എന്നീ സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടുത്തി വിപുലീകരിക്കാനും പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന ചാരം നീക്കം ചെയ്യുവാനും തോട്ടിലേക്ക് പാഴ്ജലം ഒഴുക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ചക്കിയത്ത് മോഡേൺ എക്സ്ട്രാക്ഷൻസ്, ഗ്ലോബൽ ഫുഡ് പ്രോഡക്ട്സ് എന്നീ സ്ഥാപനങ്ങൾക്കും മലിനജല ശുദ്ധീകരണ പ്ലാന്റ് വിപുലീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. ടൊലീൻ ടയേഴ്സ് ആന്റ് റബ്ബർ പ്രോഡക്ട്സിന്റെ 4 റബ്ബർ ഫാക്ടറികളിൽ നിന്നുള്ള മലിനജലം മതിയായി ശുദ്ധീകരിച്ച് പുനരുപയോഗിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും മാഞ്ഞാലിപ്പുഴയിലേക്ക് നേരിട്ടോ അല്ലാതെയോ പാഴ്ജലം ഒഴുക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീ.ജോസ്ലിയുടെയും ശ്രീ.ദേവസിയുടെയും ഉടമസ്ഥത |

യിൽ പ്രവർത്തിക്കുന്ന പന്നി ഫാമുകൾ പുഴയുടെ വളരെ അടുത്ത് സ്ഥിതി ചെയ്യുന്നതിനാലും ബോർഡിന്റെ പ്രവർത്തനാനുമതി കരസ്ഥമാക്കാത്തതിനാലും ഫാമുകളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. അങ്കമാലി മുനിസിപ്പാലിറ്റിയുടെ അറവുശാലയിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാതെ മാഞ്ഞാലിത്തോടിന്റെ കൈവഴിയായ ഒരു ചെറു തോടിലേക്ക് ഒഴുക്കുന്നത് നിർത്തിവയ്ക്കണമെന്നും മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് ശാസ്ത്രീയമായ സംവിധാനമുള്ള അറവുശാല സ്ഥാപിക്കണമെന്നും അങ്കമാലി മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. മാർക്കറ്റിൽ നിന്ന് സംസ്കരിക്കാത്ത ഖരമാലിന്യവും മലിനജലവും മാഞ്ഞാലിത്തോടിലേക്ക് തള്ളുന്നത് നിർത്തിവയ്ക്കാനും മൃഗങ്ങളെ കശാപ്പു ചെയ്യുന്ന പ്രക്രിയകൾ മാഞ്ഞാലിത്തോടിന്റെ കൈവഴിയായ തോടിന്റെ ഭാഗത്തു നിന്നും മാറ്റണമെന്നും അങ്കമാലി മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടാങ്കർ ലോറികൾ തോട്ടിലിറക്കി കഴുകി വൃത്തിയാക്കുന്ന പ്രക്രിയ നിർത്തിവയ്ക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അങ്കമാലി മുനിസിപ്പാലിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്. മാഞ്ഞാലിത്തോടും കൈവഴികളും മലിനപ്പെടുന്നത് തടയുന്നതിന് കർശനമായ തുടർ നടപടികൾ മുനിസിപ്പാലിറ്റിയുമായി ചേർന്ന് മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ